**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3651** 15.05.2017- ൽ മറുപടിക്ക്

**ഒറ്റപ്പാലം ബൈപ്പാസിന്റെ നിർമ്മാണം**

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ.പി. ഉണ്ണി** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഒറ്റപ്പാലം ബൈപ്പാസിന്റെ നിർമ്മാണ നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; ഇനി എന്തെല്ലാം നടപടി ക്രമങ്ങൾ പൂർത്തീകരിക്കുവാനുണ്ട്;<br>(ബി) ഒറ്റപ്പാലം ബൈപ്പാസിനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;<br>(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും; വ്യക്തമാക്കാമോ? | (എ) യും (ബി) യും (സി) യും<br>27.09.2016-ലെ സ.ഉ (സാധാ) നം. 1324/2016/പൊ.മ.വ പ്രകാരം ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണത്തിന് കിഫ്ബി-യിൽ ഉൾപ്പെടുത്തി 15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുവാൻ റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ബൈപ്പാസ് നിർമ്മാണ പ്രവർത്തനത്തിന്റെ ആദ്യഘട്ടമായി ആർ.ബി.ഡി.സി.കെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി ട്രാഫിക് സർവ്വെ പൂർത്തീകരിച്ചിട്ടുണ്ട്. ടോപ്പോഗ്രാഫിക് സർവ്വെ, സോയിൽ ഇൻവെസ്റ്റിഗേഷൻ തുടങ്ങിയവ പൂർത്തിയാക്കി പദ്ധതി റിപ്പോർട്ട് കിഫ്ബി-യിൽ സമർപ്പിക്കുന്നതാണ്. പദ്ധതി റിപ്പോർട്ട് ലഭിച്ച് സ്ഥലം പൂർണ്ണമായി ഏറ്റെടുത്തതിനു ശേഷം ടെണ്ടർ നടത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ